# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി
## 27.09.2016-ന് കൂടുന്ന മീറ്റിംഗ് അജണ്ട
## സമയം - ഉച്ചയ്ക്ക് ശേഷം 3 മണിക്ക്
## സ്ഥലം. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബർ

1. **പൊതുവിഷയങ്ങൾ**

**2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം**

1. ഗ്രാമപഞ്ചായത്തുകൾ, 2. ബ്ലോക്ക് പഞ്ചായത്തുകൾ
3.നഗരസഭകൾ 4. ജില്ലാ പഞ്ചായത്തുകൾ

3. പ്രത്യേക വിഷയങ്ങൾ

**3.1 വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്- കുട, ബാഗ്, യൂണിഫോം എന്നിവ കെ.എസ്.ഐ.ഇ മുഖേന വാങ്ങിയതിന് അനുമതി (ഫയൽനം. 391/ഡി.എ.2/16/തസ്വഭവ)**

മാർഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത കുട, ബാഗ്, എന്നിവയും സർക്കാർ സൗജന്യമായി നൽകുന്ന യൂണിഫോമും കെ.എസ്.ഐ.ഇ മുഖേന വാങ്ങിയതിന് അംഗീകാരം നൽകണമെന്ന ആവശ്യം വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നു. പ്രസ്തുത പദ്ധതി നിലവിലെ മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് നിർവഹണം നടത്തിയിട്ടുള്ളതെന്നും 24 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രോജക്ട് നിർവഹണം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി എടുത്ത തീരുമാനവും ആയതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥർ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നിർവഹണം നടത്തിയതും തെറ്റായ നടപടിയാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി പദ്ധതിക്ക് അംഗീകാരം ലഭിക്കണമെന്നുള്ളതാണ് പഞ്ചായത്തിന്റെ ആവശ്യം.

**3.2 സി-ഡിറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സാദ്ധ്യതാപഠനം നടത്തുന്നതിന് അനുമതി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് (ഫയൽനം.727779/ഡി.എ 1/2016/തസ്വഭവ)**

25.08.2016-ന് ചേർന്ന കോഓർഡിനേഷൻ കമ്മിറ്റിയോഗത്തിൽ ഇക്കാര്യത്തിൽ തീരുമാനം മാറ്റി വച്ചിരുന്നു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കൈമാറ്റം ചെയ്യപ്പെട്ട നാല് സ്ഥാപനങ്ങളിലും സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള ആശയ രൂപരേഖ സി-ഡിറ്റ് തയ്യാറാക്കിയിരുന്നു. ഇത് നബാർഡ് മുഖേന ഗ്രീൻ ക്ലൈമറ്റ് ഫണ്ടിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു, എന്നാൽ 20.06.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുകയും സാധ്യതാ പഠനം നടത്തുന്നതിനായി ഇ.എം.സി. അനെർട്ട്, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും ഉണ്ടായി. ഇക്കാര്യങ്ങൾ പരിഗണിച്ച് സി-ഡിറ്റിനെ കൂടി സൗരോർജ്ജ പദ്ധതികളുടെ സാധ്യതാ പഠനം നടത്തുന്ന സ്ഥാപനമായി വീണ്ടും അംഗീകരിക്കമെന്നതാണ് അപേക്ഷ.

**3.3 കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സെക്രട്ടറിയുടെ 12.08.2016-ലെ കത്ത് (ഫയൽനം.156/എഫ്.എം2/16/തസ്വഭവ)**

കാഴ്ച പരിമിതി നേരിടുന്നവർക്കായി ഓഡിയോ ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ 15,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക പദ്ധതി നടത്തിപ്പിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന് ലഭിക്കാനുള്ള അനുവാദം നൽകണമെന്നതാണ് അപേക്ഷയിലെ ആവശ്യം.

**3.4 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016-ലെ അപേക്ഷ (ഫയൽനം.840904/ഡി.എ 2/16/തസ്വഭവ)**

പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ സെന്റർ ഫോർ കണ്ടിന്യൂയിംങ് എഡ്യൂക്കേഷൻ കേരള എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടു കൂടി സിവിൽ സർവീസ് അവബോധ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഒരു തുടർ പ്രവർത്തനമെന്ന നിലയിൽ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ഉന്നതപഠന നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തി മെഡിക്കൽ-എഞ്ചിനീയറിംഗ് - സിവിൽ സർവീസ് കോച്ചിംഗ് നൽകുന്ന ഒരു കേന്ദ്രം പട്ടണക്കാട് ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനോട് ചേർന്ന് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള അനുമതി ഉണ്ടാകണമെന്നതാണ് അപേക്ഷ.

**3.5 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016-ലെ അപേക്ഷ (ഫയൽനം.842280/ഡി.എ 1/16/തസ്വഭവ)**

15.04.2016 തീയതിയിലെ 1458/2016/തസ്വഭവ ഉത്തരവ് പ്രകാരം 2015-16-ലെ വാലിഡേഷൻ ക്രമീകരിക്കുന്നതിനായി ബജറ്റ് തുകയ്ക്ക് പകരം റിലീസ് ചെയ്ത തുക നൽകി ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അപ്രകാരം സീറോ നൽകി വാലിഡേഷൻ ക്രമീകരിച്ച പ്രോജക്ടുകൾ 2016-17-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ഉൾപ്പെട്ടിരുന്നു. പ്രസ്തുത പ്രോജക്ടുകൾ 2016-17-ൽ തുക നൽകി അംഗീകാരം നേടിയപ്പോൾ 2016-17-ലെ ബഡ്ജറ്റ് പ്രകാരമുള്ള തുകയിൽ നിന്ന് കുറവ് വരുന്നു. ഇതുമൂലം 2016-17-ൽ അനിവാര്യമായ പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് സാധിക്കാതെ വരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നതാണ് അപേക്ഷ.

**3.6 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016-ലെ അപേക്ഷ (ഫയൽനം.842262/ഡി.എ 2/16/തസ്വഭവ)**

പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ സംസ്ഥാനതലത്തിൽ വിവിധ വിഭാഗത്തിൽ സമ്മാനം നേടിയിട്ടുള്ള കായിക താരങ്ങൾ ഉൾപ്പെടെ അനവധി കായികതാരങ്ങൾ അംഗങ്ങളായിട്ടുള്ള സ്പോർട്ട്സ്ക്ലബുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നുണ്ട്. സമൂഹത്തിലെ പാവപ്പെട്ടവരും മത്സ്യതൊഴിലാളികളും ഉൾപ്പെടുന്ന പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് കായിക പരിശീലനത്തിനുള്ള സ്പോർട്സ് കിറ്റുകൾ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള അനുമതി ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**3.7 മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.08.2016-ലെ എ 5-365/16-17 നമ്പർ അപേക്ഷ (ഫയൽനം.844466/ഡി.എ 1/16/തസ്വഭവ)**

മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മൂലം നിലവിലുള്ള 5 ആശാട്ടിമാർക്ക് പ്രതിവർഷം നൽകുന്ന ആശാൻ ഗ്രാൻറ് തുക തനത് ഫണ്ടിൽ നിന്നും നൽകുവാൻ യാതൊരുവിധ നിർവാഹമില്ലാത്തതിനാൽ ടി തുക പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കാൻ പ്രത്യേക അനുമതി നൽകണമെന്നും 2013-14, 2014-15 സാമ്പത്തിക വർഷം ഇപ്രകാരം നൽകിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നതുമാണ് അപേക്ഷ.

**3.8 കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.850523/ഇ.പി.എ/16/തസ്വഭവ)**

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ടി.എച്ച്. ആർ.എസ് ബ്ലോക്ക് വിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള 273596/- രൂപ 2016-17 വാർഷിക പദ്ധതിയിൽ അംഗൻവാടി പോഷകാഹാര വിതരണ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നതാണ് അപേക്ഷ

**3.9 ആലങ്ങാട് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ എസ്.സി. വീട് പുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു വീട് മെയിന്റനൻസ് ചെയ്യണമെന്നുണ്ടെങ്കിൽ 12 വർഷത്തെ കാലപ്പഴക്കം വേണമെന്നാണ്. മുൻ കാലങ്ങളിൽ 8 വർഷമായിരുന്നു കാലപ്പഴക്കം സംബന്ധിച്ച നിർദ്ദേശം ഈ നിർദ്ദേശം എസ്.സി. കുടുംബങ്ങൾക്ക് വളരെ ഗുണപ്രദമായിരുന്നു. എസ്.സി. ഫണ്ടുകൾ ലാപ്സായി പോകുന്ന ഒരു കാലഘട്ടത്തിൽ കാലപ്പഴക്കം ചുരുക്കി ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് അപേക്ഷ

**3.10 ആലങ്ങാട് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണ (ഡി.എ 1) വകുപ്പ്)**

ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ പച്ചക്കറി തൈ വിതരണ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നോംസ് ഉൾപ്പെടുത്തി മാർഗരേഖ പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് അപേക്ഷ.

**3.11 വേങ്ങാട് ഗ്രാമപഞ്ചായത്ത് (ഫയൽനം.602/ഡി.സി1/16/തസ്വഭവ)**

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ പരിപാലന പരിപാടിയായ സുസ്ഥിര എന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വാളണ്ടിയർമാർക്കുള്ള വേതനം, ഇതുമായി ബന്ധപ്പെട്ട് വാഹന ചെലവ് എന്നിവ മാർഗരേഖ 7.2 പ്രകാരം പൊതുവായ കാര്യങ്ങളിൽ ഉൾപ്പെടാത്ത വിഷയമായതിനാൽ ആയതിൽ ഉൾപ്പെടുത്തി നിർവഹിക്കുവാൻ നിയന്ത്രണമുണ്ടെന്നും, ഈ സാഹചര്യത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട 6 ലക്ഷം രൂപ പ്രതിവർഷം അടങ്കൽ വരുന്ന പ്രസ്തുത പദ്ധതി മാർഗരേഖ 12.6 പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാൻറ് ഉപയോഗിച്ച് നടപ്പാക്കുവാൻ അനുവദിക്കണമെന്നും അതിന് സാധിച്ചില്ലെങ്കിൽ തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് അനുവാദം നൽകണമെന്നതുമാണ് അപേക്ഷ.